# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 464

29.06.2015-ൽ മറുപടിക്ക്

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്നതായി ആരോപിക്കപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി സ്ഥലം എം.എൽ.എ വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വെളിപ്പെടുത്താമോ; | (എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് നിക്ഷേപതുക തിരികെ നൽകുന്നതിനായി വായ്പാ ഇനത്തിൽ നൽകിയിട്ടുള്ള തുക ഈടാക്കുന്നതിനായി സെയിൽ ഓഫീസർ തലത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും 26.11.2014-ൽ ജോയിന്റ് രജിസ്ട്രാർ വിളിച്ചു ചേർത്ത ഭരണസമിതി യോഗത്തിൽ നൽകിയ നിർദ്ദേശങ്ങൾ ബാങ്ക് നടപ്പിലാക്കുന്നുണ്ടോ എന്ന് യഥാസമയം വിലയിരുത്തുന്നതിനും ബാങ്കിലെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരിൽ നിന്നും ബാങ്കിനുണ്ടായ നഷ്ടം ഈടാക്കുന്നതിനായിട്ടുള്ള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പോലീസ് കേസിൻമേൽ യഥാസമയം നടപടി സ്വീകരിച്ച് ബാങ്കിന് നഷ്ടമായിട്ടുള്ള തുകകൾ |

ഈടാക്കുന്നതിന് സാധ്യമായ എല്ലാ നിയമനടപടികളും സ്വീകരിച്ച് നിക്ഷേപതുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ താഴെ പറയുന്നു.

ബാങ്കിന്റെ 2012–13 വർഷത്തെ ആഡിറ്റ് പ്രകാരം 14.67 കോടി രൂപ നിക്ഷേപയിനത്തിൽ നൽകാനുള്ളതായി ഉണ്ട്. ബാങ്കിലെ ക്രമക്കേടുകളും പണാപഹരണവുമാണ് ഇത്തരത്തിൽ നിക്ഷേപം നൽകാത്തതിന് കാരണമെന്ന് കാണുകയും ഇക്കാര്യത്തിലും വായ്പാ കുടിശ്ശിക ഈടാക്കുന്നതിനും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

താമരക്കുടി സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച വിഷയത്തിന്മേൽ നടപടി സ്വീകരിച്ചതിന്റെ പുരോഗതിയും തുടർനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ചും സഹകരണസംഘം രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ തലത്തിൽ യോഗം വിളിച്ചുചേർത്ത് ബാങ്ക് ഭരണസമിതിക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ സഹകരണനിയമം വകുപ്പ്, ചട്ടം, നിയമാവലി വ്യവസ്ഥകൾ, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവക്ക് അനുസൃതമായി ചുമതലകൾ നിറവേറ്റുന്നതിൽ ഗുരുതരമായി വീഴ്ച വരുത്തിയിട്ടുള്ള നിലവിലെ ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32, 2011–ലെ 97–ാം ഭരണഘടനാ ഭേദ

ഗതി നിയമം ഭാഗം IX B 243 ZL പ്രകാരം സസ്പെൻഡ് ചെയ്തിട്ടുള്ളതും ബാങ്കിലെ ഭരണസ്തംഭനം ഒഴിവാക്കുന്നതിനും ദൈനം ദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു മായി കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കൊട്ടാരക്കര യൂണിറ്റ് ഇൻസ്പെക്ടർ കൺവീനറായും, എഴു കോൺ, നെടുവത്തൂർ യൂണിറ്റ് ഇൻസ്പെ ക്ടർമാർ അംഗങ്ങളായും ഒരു അഡ്മിനി സ്ട്രേറ്റീവ് കമ്മിറ്റിയെ 6 മാസ കാലയളവി ലേക്ക് നിയമിച്ച് ഉത്തരവായിട്ടുണ്ട്.

ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചാർജ്ജെ ടുത്തതിനുശേഷം 1.90 കോടി രൂപക്കുള്ള 125 ആർബിട്രേഷൻ കേസുകളും 13 ലക്ഷം രൂപ ക്കുള്ള 11 എക്സിക്യൂഷൻ കേസുകളും ഫയൽ ചെയ്തു നടപടികൾ സ്വീകരിച്ചുവരു ന്നതായും ഒരു കേസിൽ എക്സിക്യുഷൻ നടപടി സ്വീകരിച്ച് തുക ഈടാക്കിയിട്ടുമുണ്ട്.

ബാങ്കിന് അധിക ബാധ്യത വരുത്തി പ്രവർത്തിച്ചുവരുന്ന മൈലം, പള്ളിക്കൽ ശാഖകൾ അടച്ചുപൂട്ടുന്നതിനും ടി ശാഖക ളിലെ ഇടപാടുകൾ നിയമാനുസൃതം ഹെഡ് ആഫീസിലേക്ക് മാറ്റുന്നതിനും രജിസ്ട്രാർ അനുവാദം നൽകുകയും അടച്ചുപൂട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിൽ ഉൾപ്പെടാതിരുന്നതും കണ്ടെത്താൻ കഴിയാതി രുന്നതുമായ കഴിഞ്ഞ 10 വർഷങ്ങളിലായി ബാങ്കിൽ നടന്നിട്ടുള്ള വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ്

66(1) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നുവെങ്കിലും യഥാസമയം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ടിയാൾ വീഴ്ച വരുത്തിയതിനാൽ ടിയാനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും ടിയാനെ സർവീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും തുടർന്ന് കൊല്ലം പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസറെ പരിശോധനയ്ക്കായി ചുമതലപ്പെടുത്തി 23/05/2015-ൽ കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഉത്തരവായിട്ടുള്ളതും അന്വേഷണം നടന്നുവരുന്നതുമാണ്.

നിലവിൽ സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം നടക്കുന്ന പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പണാപഹരണം നടത്തിയെന്നു കണ്ടെത്തുന്നവരിൽ നിന്നും തുക ഈടാക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിനും വായ്പാ ബാക്കി നിൽപ്പ് അടിയന്തരമായി ഈടാക്കുന്നതിനായി ഒരു സ്പെഷ്യൽ കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും നടപടികൾ ജോയിന്റ് രജിസ്ട്രാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ ആരൊക്കെ ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ നിന്നും, ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകളിലെ കണ്ടെത്തലുകളിലും ബാങ്കിലെ അക്കാലയളവിലെ ഭരണസമിതിയംഗങ്ങൾ, മുൻ സെക്രട്ടറി ശ്രീ. എം.ജി. വിജയകുമാർ

എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ സഹകരണനിയമം വകുപ്പ് 68(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർച്ചാർജ്ജ് ഉത്തരവ് പ്രകാരം മുൻ സെക്രട്ടറി ശ്രീ. എം.ജി. വിജയകുമാർ, മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണി കൃഷ്ണൻനായർ എന്നിവർക്ക് വ്യക്തിഗത ബാധ്യതയുള്ളതായി വ്യക്തമായിട്ടുള്ളതും ടിയാളുകൾ സർക്കാരിന് മുൻപാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്. കഴിഞ്ഞ 10 വർഷ ങ്ങളിലായി ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം അന്വേഷണം നടന്നുവരുന്നു. ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകളിൽ കുറ്റക്കാരാ ണെന്നു കണ്ടെത്തിയവർക്കെതിരെ നിയമ നടപ ടികൾ സ്വീകരിക്കുന്നതിന് ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകൾ റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് അയച്ചു കൊടുത്തിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത ബാങ്കിലെ നിക്ഷേപകർക്ക് പണം അടിയന്തരമായി ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്ത മാക്കാമോ ? | (സി) ബാങ്കിലെ നിക്ഷേപം തിരികെ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്ന നിലവിലെ ബാങ്ക് ഭരണസമിതിയെ സസ്പെന്റ് ചെയ്ത് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങിയ മൂന്നംഗ അഡ്മിനി സ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കുടിശ്ശി കകൾ പിരിച്ചെടുത്തും ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടു ത്തിയും നിക്ഷേപം തിരികെ നൽകുന്ന തിനുള്ള നടപടികൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സ്വീകരിച്ചു വരുന്നു. ബാങ്കിന്റെ ശാഖ കളിലെ ജീവനക്കാരെ ഉപയോഗിച്ച് കുടിശ്ശിക പിരിച്ചെടുത്ത് നിക്ഷേപം മടക്കി നൽകുന്ന |

തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർച്ചാർജ്ജ് ഉത്തരവിനെതിരെ മുൻ സെക്രട്ടറി ശ്രീ. എം.ജി. വിജയകുമാർ, മുൻ പ്രസിഡന്റ് ശ്രീ. ഉണ്ണികൃഷ്ണൻനായർ എന്നിവർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അപ്പീൽ പെറ്റീഷൻ നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**